കേരള സർക്കാർ

# ആലങ്ങാട് ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം**
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി13)154/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 11/03/2019

ഡെപ്യൂട്ടി ഡയറക്ടർ

ആലങ്ങാട് ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സർ,

വിഷയം:- ആലങ്ങാട് ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി13)154/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 11/03/2019

## എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**എറണാകുളം** ജില്ലയിലെ **ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. **ഗ്രാമപഞ്ചായത്ത്** 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ജയ സി.ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2019 മുതൽ 31.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജിനിൽ റോയ് ഡി.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ്.ഗോപകുമാർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബബിത ബി.കുമാർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രാധാമണി ജയ്സിംഗ് | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി.സിന്ധുമോൾ.വി.എസ് | സെക്രട്ടറി | 01.04.2017മുതൽ 31.03.2018 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസി.സെക്രട്ടറി | എം.ആർ.ജയകുമാരി | 01.04.2017 മുതൽ 12.06.2017 വരെ |
| | ഷിബു പി. | 13.06.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. പാനായിക്കുളം സർക്കിൾ | ശ്രീ.വിനോദ് കുമാർ എ.ജി | 01.04.2017 മുതൽ 10.07.2017 വരെ |
| | ശ്രീ.ജയൻ കെ.എൻ | 11.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. കോട്ടപ്പുറം സർക്കിൾ | ശ്രീ. രാജേഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സിബി വി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സബിത വി.എസ് | 01.04.2017 മുതൽ 29.11.2017 വരെ |
| | ശ്രീമതി.റസിയ കെ.എ | 30.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗമ്യ.ജി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.സി.എം രജന | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.ആർ.സിന്ധു | 01.04.2017 മുതൽ 12.08.2017 വരെ |
| | ഡോ.നൈസി | 13.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.രേണുക പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഞ്ജിത ബോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രശ്മി രാമചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം – 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം – 2 | | |
| 13 | കെട്ടിടനികുതി ഈടാക്കിയില്ല. | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 15 | വാടക ഈടാക്കിയില്ല. | 2-3 | |
| | ഭാഗം – 3 | | |
| 16 | അമൃതം ഫുഡ് യൂണിറ്റിന് അധികം തുക നൽകി – തിരികെ അടപ്പിക്കേണ്ടതാണ്. | 3-1 | |
| 17 | അങ്കണവാടികൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു | 3-2 | |
| 18 | പദ്ധതി പണം ചെലവഴിച്ചതിൽ അപാകത | 3-3 | |
| 19 | കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിച്ചില്ല | 3-4 | |
| 20 | കന്നുകുട്ടി പരിപാലനം – പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി.യ്ക്ക് നൽകിയ തുക ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്. | 3-5 | |
| 21 | കുടിവെള്ള കണക്ഷൻ ഉള്ളവർക്കും സബ്സിഡി നൽകി | 3-6 | |
| 22 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല – 198807/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 | |
| 23 | തുല്യത പരീക്ഷ – 2000/- രൂപ നിരാകരിക്കുന്നു. 129500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 | |
| 24 | കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 3-9 | |
| 25 | കാലാവധി കഴിഞ്ഞ പ്രവൃത്തികൾ പൂർത്തിയാക്കിയത് – കോമ്പൻസേഷൻ തുക ഈടാക്കിയില്ല. | 3-10 | |
| | ഭാഗം – 4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 33 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2017-18) | അനുബന്ധം-1 | |
| 37 | ബാലൻസ് ഷീറ്റ് (2017-18) | അനുബന്ധം – 2 | |
| 38 | റസീപ്റ്റ് & പേയ്മെന്റ് (2017-18) | | |
| 39 | ഇൻകം & എക്സ്പെൻഡിച്ചർ (2017-18) | | |


.

# ഭാഗം -1

## പൊതു അവലോകനം


## പൊതു അവലോകനം


### 1-1 ബജറ്റ്

21.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 01.6.2018 |

.

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018 & 23.6.2018 | കെ.എസ്.എ- ഇ.കെ.എം (പിജി) 1786(2)/2018 തീയതി. 29.8.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,06,06,417 |
| വരവ് | 11,60,77,306 |
| ആകെ | 13,66,83,723 |
| ചെലവ് | 11,39,08,049 |
| നീക്കിയിരിപ്പ് | 2,27,75,674 |

### 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22824772 | 22824772 | 17298808 | 0 | 5525964 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11120654 | 11120654 | 9205517 | 0 | 1915137 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 65973 | 65973 | 65973 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 36297075 | 36297075 | 26594755 | 0 | 9702320 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6408409 | 6408409 | 3725250 | 0 | 2683159 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18014371 | 18014371 | 13383261 | 0 | 4631110 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 4174820 | 4174820 | 2095519 | 0 | 2079301 |
| എം.ജി.എൻ.ആർ.ഇ. ജി.എസ് ഭരണച്ചെലവുകൾ(*) | 46060 | 981152 | 1027212 | 462021 | 565191 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 14166760 | 14166760 | 14166760 | 0 | |
| ബി. ഫണ്ട് | 0 | 61131480 | 61131480 | 61131480 | 0 | |
| നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് സാക്ഷരത | 383495 | 99485 | 482980 | 85200 | 397780 | |
| നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് സാനിറ്റേഷൻ | 24800 | 876 | 25676 | - | 25676 | |
| ജോയിന്റ് വെഞ്ച്വർ ട്രഷറി ടി.എസ്.ബി | 200000 | 5037358 | 5237358 | 2401260 | 2836098 | |
| നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് ബഡ്സ് സ്കൂൾ | 256506 | 105980 | 362486 | 315295 | 47191 | |
| ട്രഷറി ടി.എസ്.ബി. ജനറൽ പർപ്പസ് ഗ്രാന്റ് | 7923047 | 12188427 | 20111474 | 18207433 | 1904041 | |
| ട്രഷറി ടി.എസ്.ബി. എം.എൻ ലക്ഷംവീട് | 308000 | 0 | 308000 | 0 | 308000 | |
| എസ്.ബി.ഐ തനത് - ഇ പേയ്മെന്റ് | 0 | 121677 | 121677 | 649 | 121018 | |
| എസ്.ബി.ഐ തനത് | 390449 | 441571 | 832020 | 103155 | 728865 | |
| നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് തനത് | 8935283 | 26946117 | 35881400 | 22355605 | 13525795 | |

(*)- എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾ എന്ന ഇനത്തിൽ വാർഷികധനകാര്യപത്രികയിലെ വരവ് -ചെലവും, യഥാർത്ഥവരവ്- ചെലവും തമ്മിൽ 4,27712/ -രൂപയുടെ വ്യത്യാസമുണ്ട്. ഇത്രയും തുക ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ തെറ്റായി ചേർത്തതുകൊണ്ട് ഉണ്ടായ ഈ വ്യത്യാസം 2018-19 വർഷത്തെ അക്കൗണ്ട്സിൽ പരിഹരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 146746803 | 135 | 81249401 | 98 | 68 | 72.59 |

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 46060 | 981152 | 1027212 | 462021 | 565191 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 14166760 | 14166760 | 14166760 | 0 |
| | **46060** | **15147912** | **15193972** | **14628781** | **565191** |

.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനത്തിൽ 2017-18 വാർഷികധനകാര്യപത്രികയിലെ വരവും(RP-31), യഥാർത്ഥവരവും തമ്മിൽ 4,27,712/- (1408864- 981152) രൂപയുടെ വ്യത്യാസം കാണുന്നു. കൂടാതെ നേരിട്ട്

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വേതനയിനത്തിലും(EFMS) വ്യത്യാസം ഉണ്ട്. ഈ വ്യത്യാസങ്ങൾ 2018-19 വർഷത്തെ അക്കൗണ്ട്സിൽ ക്രമപ്പെടുത്തേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3089 | 88,21,500 |
| വിധവാപെൻഷൻ | 6127 | 1,83,71,700 |
| വാർദ്ധക്യകാലപെൻഷൻ | 8244 | 2,67,33,600 |
| വികലാംഗപെൻഷൻ | 1886 | 58,61,900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 258 | 7,66,900 |
| തൊഴിൽ രഹിത വേതനം | 25 | 14,880 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 15 | 4,50,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 തീയതി 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 93110/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി 2017-2018 വർഷത്തിൽ മരുന്നുവാങ്ങൽ, സാന്ത്വന പരിചരണ പരിപാടി, വനിതകൾക്കായുള്ള പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതി, പകർച്ചവ്യാധി നിയന്ത്രണ പദ്ധതി എന്നിങ്ങനെ 4 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഈ പ്രോജക്ടുകളുടെ നടത്തിപ്പിനായി തൻവർഷം ആകെ 1239486/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ 2016 മാർച്ചിനു ശേഷം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരമുള്ളTR 7A ക്യാഷ് ബുക്ക് നിർബന്ധമായും എഴുതി പരിപാലിക്കേണ്ടതാണ്.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

സ്ഥാപനതൊഴിൽനികുതി സംബന്ധിച്ച് രജിസ്റ്റർ ഉണ്ടെങ്കിലും കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. മറ്റ് ഡിമാൻറ് രജിസ്റ്ററുകൾ ശരിയായി പരിപാലിച്ച് പോരുന്നു. എന്നാൽ പഞ്ചായത്തിൽ വിവിധ പ്രൊജക്ടുകൾക്കായി നടത്തുന്ന വാങ്ങലുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, വിതരണം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.12.2018 | 2018 നവംബർ | 29.12.2018 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 23.09.2014 | 2009-10 മുതൽ 2013-14 വരെ | 10.11.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 വാർഷികക്കണക്ക് പരിശോധിച്ച് നല്കിയ കെ.എസ്.എ.-ഇ.കെ.എം.(പി.ജി)1786(2)/18 തീയതി 29.8.2018 നമ്പർ അക്കൗണ്ട്സ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

കൂടാതെ ഓഡിറ്റ് വേളയിൽ അക്കൗണ്ടിന്റെ വിശദമായ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കൂടി കാണുന്നു.

1. കെ.എസ്.ഇ.ബി.യിൽ 2017-18 വർഷം വിവിധ പ്രൊജക്ടുകളിലായി 27,94,380/- രൂപ വികസനഫണ്ടിൽ നിന്ന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ 2017-18 വാർഷികക്കണക്കിൽ B-18 ഷെഡ്യൂളിൽ 31.03.2018-ൽ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുകയായി ആകെ 69,73,412/- രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്. ഇതിൽ മുൻവർഷങ്ങളിൽ ചെലവഴിക്കാൻ ബാക്കി നില്ക്കുന്ന 51,54,872/- രൂപ കഴിച്ചാൽ 2017-18 വർഷത്തെ നിക്ഷേപം 18,18,540/- രൂപ മാത്രമാണ്. (RP-47 കാണുക.) 9,75,840/- രൂപ കുറവ് ആയിട്ടാണ് ബാലൻസ് ഷീറ്റിന്റെ ആസ്തിയിൽ കാണുന്നത്. ഈ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

2.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനത്തിൽ 2017-18 വാർഷികധനകാര്യപ്പത്രികയിലെ വരവും(RP-31), യഥാർത്ഥവരവും തമ്മിൽ 4,27,712/- (1408864 - 981152) രൂപയുടെ വ്യത്യാസം കാണുന്നു. കൂടാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വേതനയിനത്തിലും(EFMS) വ്യത്യാസം ഉണ്ട്. ഈ വ്യത്യാസങ്ങൾ 2018-19 വർഷത്തെ അക്കൗണ്ട്സിൽ ക്രമപ്പെടുത്തേണ്ടതാണ്.

3. 2017-18 വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ 460500501 എന്ന അസറ്റ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന 93,573/- രൂപ Advance to Implementing Officer എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക ബിറ്റുമിൻ വാങ്ങി പഞ്ചായത്തിൽ എത്തിച്ചതിന് കരാറുകാരന് കൺവെയൻസ് ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് നല്കിയ തുകയാണ്. ഇത് 2017-18 വർഷത്തെ ചെലവാണ്. ബാലൻസ് ഷീറ്റിൽ തെറ്റായി കാണിച്ചിരിക്കുന്ന ഈ തുക 2018-19 അക്കൗണ്ട്സിൽ ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടനികുതി ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ കെട്ടിടനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് | ഈടാക്കേണ്ട നികുതി(രൂപ) |
|---|---|---|---|
| 1 | 1/496 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 9657 |
| 2 | 2/19 | ബിഎസ്എൻഎൽ | 7150 |
| 3 | 18/261 A | റിലയൻസ് ടെലികോം | 5500 |
| **ആകെ** | | | **22307** |

അതുപോലെ അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ കെട്ടിടനികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല. കെട്ടിടനികുതി ഒടുക്കുന്ന വിഷയത്തിൽ സിബിഎസ്ഇ സ്കൂളുകളും ബിഎസ്എൻഎല്ലും സ്റ്റേ സമ്പാദിച്ചിട്ടുണ്ടെന്ന് സെക്ഷൻ അറിയിച്ചു. കോടതിവിധിക്കനുസൃതമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) മാവേലി സ്റ്റോർ, കൊങ്ങോർപ്പിള്ളി

2) മാവേലി മെഡിക്കൽ സ്റ്റോർ ,ആലങ്ങാട്

3) ആലങ്ങാട് മെഡിക്കൽ സെന്റർ

4) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,കൊങ്ങോർപ്പിള്ളി

5) അപരാജിത ഡൈനാമിക് സൈനർജീസ്

6) പോപ്പുലർ മെഗാ മോട്ടോർസ്

7) വിശ്വകർമ്മ ഫുഡ് പ്രൊഡക്ട്സ്

8) ഗ്രേ മാറ്റർ

9) ദിക്ഷ കോർപറേറ്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്

ഇത് കൂടാതെ ഉഷ ഇന്റർനാഷനൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
.

## 2-3 വാടക ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് നല്കിയിരുന്ന താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | മുറിയുടെ നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശിക ആയ മാസം | ആകെ കുടിശിക |
|---|---|---|---|---|---|
| 1 | 4 | ജോബിന | 998 | 04/17 – 03/18 | 11976 |
| 2 | 8 | പി.ഡി.ജോയ് | 1323 | 04/17 – 03/18 | 15876 |
| 3 | 9 | അബ്ദുൽ ജബ്ബാർ | 1489 | 04/17 – 03/18 | 17868 |
| **ആകെ ഈടാക്കുവാനുള്ള വാടക** | | | | | **45720** |

വാടകയിനത്തിൽ ഈടാക്കുവാനുള്ള 45720/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അമൃതം ഫുഡ് യൂണിറ്റിന് അധികം തുക നല്കി-തിരികെ അടപ്പിക്കേണ്ടതാണ്.

2017-18 സാമ്പത്തികവർഷത്തിൽ അനുപൂരകപോഷകാഹാരം പദ്ധതിക്ക് വേണ്ടി ആകെ 24,92,192 /- രൂപ (വികസനഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. കരുമാല്ലൂർ പഞ്ചായത്തിലെ ചൈതന്യലക്ഷ്മി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നുമാണ് കുട്ടികൾക്കുള്ള അമൃതം പാക്കറ്റുകൾ ഒരു കിലോഗ്രാമിന് 70/- രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളത്.ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കിലോഗ്രാമിന് 1/- രൂപയാണ് യൂണിറ്റ് ഈടാക്കിയിട്ടുള്ളത്. പ്രൊജക്ടിനു വേണ്ടി 23.08.17 ൽ ബിൽ നം. 14/17-18 പ്രകാരം 85,320 /- രൂപ പിൻവലിച്ചിട്ടുണ്ട്. ടി തുക ചൈതന്യലക്ഷ്മി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിന് നൽകിയതിന്റെ (രസീത് നം.173, 20.07.17). ബില്ല് പ്രകാരമുള്ള വിശദാംശം താഴെ പറയുന്നു.

| | |
|---|---|
| 1185 കിലോഗ്രാം (കിലോഗ്രാമിന് 70/- രൂപ നിരക്കിൽ ) | 84135/- |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | 1185/- |
| ആകെ | 85,320/- |

യഥാർത്ഥത്തിൽ 1185 കിലോഗ്രാം അമൃതം ഫുഡിന് 82,950/- രൂപ മാത്രമേ വില വരുകയുള്ളൂ. ട്രാൻസ്പോർട്ടേഷൻ ചാർജ് അടക്കം 84135/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ആകെ 85320/- രൂപ ചെലവഴിച്ചു. അധികം നല്കിയ 1185/- രൂപ തിരികെ ഈടാക്കുന്നതിനോ ഇനിയുള്ള ബില്ലുകളിൽ ക്രമീകരിക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 അങ്കണവാടികൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ 38 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 19 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടങ്ങൾക്ക് 2017-18 സാമ്പത്തികവർഷത്തിൽ എൽ.എസ്.ജി.ഡി. എൻജിനിയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നം. 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് മാസം 10-ാം തീയതിക്കകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 38 അങ്കണവാടികളും 2017-18 വർഷത്തിൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെയാണ് പ്രവർത്തിച്ചത്. പ്രളയം സാരമായി ബാധിച്ച പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളുടെയും കെട്ടിടപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പദ്ധതി പണം ചെലവഴിച്ചതിൽ അപാകത

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0277/18, കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസലിംഗ് |
| അടങ്കൽ | 25,420/- (വികസനഫണ്ട്) |
| ചെലവ് | 25,420/- |
| ബിൽ നം.,തീയതി,തുക | 1)38/17-18 ; 27.11.17 ; 15,500/- |
| | 2)41/17-18 ; 14.02.18 ; 9,920/- |
| നിർവഹണഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

പഞ്ചായത്തിലെ 10 വയസ്സ് മുതൽ 20 വയസ്സ് വരെയുള്ള പെൺകുട്ടികൾക്ക് മാനസികാരോഗ്യപ്രശ്നങ്ങളിൽ കൗൺസലിംഗ് നല്കുന്നതിന് ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയതാണ് ഈ പദ്ധതി. ഇത് പ്രകാരം 50 പേർ അടങ്ങുന്ന ബാച്ചിന് ബോധവത്കരണക്യാമ്പ്, കൗൺസലിംഗ് തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തു. പ്രതിമാസം 10,000 /- രൂപ ഓണറേറിയം, നടത്തുന്ന ഓരോ ക്യാമ്പിനും 1000/- രൂപ എന്നിങ്ങനെ കൗൺസലർക്ക് നല്കുന്നതിനും ഭക്ഷണം, മറ്റ് ചെലവുകൾ എന്നിവയ്ക്കും വേണ്ടിയാണ് തുക വകയിരുത്തിയത്. 11.10.17, 11.11.17 തീയതികളിൽ പഞ്ചായത്തിലെ 38 അംഗൻവാടികളുടെ കീഴിൽ പ്രവർത്തിക്കുന്ന കൗമാരക്ലബ്ബിലെ കുട്ടികളെ ഉൾപ്പെടുത്തി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ക്ലാസ്സെടുത്തിട്ടുണ്ട്. ഹാജർ പട്ടിക പ്രകാരം ആദ്യ ദിവസം 108 കുട്ടികളും രണ്ടാമത്തെ ദിവസം 129 കുട്ടികളും പങ്കെടുത്തിട്ടുണ്ട്. ഈ രണ്ട് ദിവസങ്ങളിൽ പങ്കെടുത്തവർക്ക് ഭക്ഷണം വിതരണം ചെയ്ത വകയിലാണ് പദ്ധതിയുടെ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലെ അപാകത താഴെ പറയുന്നു.

1) പദ്ധതിയുടെ ഫീസിബിലിറ്റി സംബന്ധിച്ച് യാതൊരു പഠനവും നടത്തിയിട്ടില്ല.

2) യോഗ്യതയും മുൻപരിചയവുമുള്ള കൗൺസലറെ കണ്ടെത്താതെയാണ് ക്ലാസ്സ് സംഘടിപ്പിച്ചിട്ടുള്ളത്.

3) പദ്ധതിയുടെ പ്രസക്തിയും ലക്ഷ്യവും ഉൾക്കൊള്ളാതെയുള്ള ചെലവ് മാത്രമാണ് നടത്തിയിട്ടുള്ളത്.

പദ്ധതി പണം ചെലവഴിക്കുന്നതിനു വേണ്ടി മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കാതെ പദ്ധതി നടപ്പാക്കുന്നതിലൂടെ കൈവരിക്കേണ്ട ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആവശ്യക്കാരെ കണ്ടെത്തി അനുയോജ്യമായ രീതിയിൽ നിർവഹണം നടത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കേന്ദ്രാവിഷ്കൃതഫണ്ട് വിനിയോഗിച്ചില്ല

2017-18 സാമ്പത്തികവർഷത്തിൽ അനുപൂരകപോഷകാഹാര പരിപാടിക്കായി കേന്ദ്രാവിഷ്കൃതഫണ്ടിൽ 197156/- രൂപ മുന്നിരിപ്പും 575532/- രൂപ വരവും ഉൾപ്പടെ 772688/- രൂപ ലഭ്യമായിരുന്നു. എന്നാൽ അനുപൂരകപോഷകാഹാര പരിപാടിക്കായി ഈ ഫണ്ടിൽ നിന്നും ചെലവ് നടന്നിട്ടില്ല.ആയതിനാൽത്തന്നെ സാമ്പത്തികവർഷാവസാനം 772688/- രൂപ കേന്ദ്രാവിഷ്കൃതഫണ്ടിൽ നീക്കിയിരിപ്പുണ്ട്. 03.09.2010 ലെ സർക്കുലർ നം.39033/ഡി.സി.2/2010 ത.സ്വ.ഭ.വ പ്രകാരം അങ്കണവാടി പൂരകപോഷകാഹാരത്തിന് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അവശേഷിക്കുന്നുവെങ്കിൽ അതുപയോഗിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്തിലെ 38 അങ്കണവാടികളിൽ 19 എണ്ണവും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്രഫണ്ടുപയോഗിച്ച് നിലവിലുള്ള അങ്കണവാടികളിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനോ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിയുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 കന്നുകുട്ടിപരിപാലനം- പ്രൊജക്ട് ഓഫീസർ , ഐസിഡിപി-ക്ക് നല്കിയ തുക ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്

**എ)**

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ്318/18, കന്നുകുട്ടിപരിപാലനം |
| അടങ്കൽ | 2,50,000/-(വികസനഫണ്ട്). 2,50,000/- (മറ്റുള്ളവ) |
| ചെലവ് | 2,50,000/-(വികസനഫണ്ട്) |
| ബിൽ നം.,തീയതി,തുക | 17/17-18 ; 28.03.18 ; 2,50,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

4 മുതൽ 32 മാസം വരെ പ്രായമുള്ള 20 കന്നുകുട്ടികൾക്ക് യൂണിറ്റ് കോസ്റ്റിന്റെ (25000 /-രൂപ) 50 ശതമാനം നിരക്കിൽ എല്ലാ മാസവും ക്ഷീരസംഘം വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രൊജക്ട്. 20 കന്നുകുട്ടികൾക്ക് 12,500/- രൂപ എന്ന നിരക്കിൽ 2,50,000/- രൂപ പ്രൊജക്ട് ഓഫീസർ, ഐസിഡിപി, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ വെള്ളപ്പൊക്കത്തിൽപെട്ട് ചത്തുപോയതായി വ്യക്തിഗതനാൾവഴിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പേര് | നാളിതുവരെ കൈപ്പറ്റിയ സബ്സിഡി | ഈടാക്കാൻ അവശേഷിച്ച തുക |
|---|---|---|---|
| 1 | മിനി സാലസ് | 2543 | 9957 |
| 2 | ബിന്ദു കരിപ്പക്കാട്ടിൽ | 2697 | 9803 |
| 3 | ത്രേസ്യാമ്മ പറമ്പത്തുശ്ശേരി | 2851 | 9649 |
| 4 | ബേബി | 2851 | 9649 |
| **ആകെ അവശേഷിക്കുന്ന തുക** | | | **39058** |

**ബി)**

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 034/18, പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി |
| അടങ്കൽ | 3,75,000/-(വികസനഫണ്ട്), 3,75,000/-(സംസ്ഥാനാവിഷ്കൃതം), 7,50,000/- (മറ്റുള്ളവ) |
| ചെലവ് | 3,75,000/-(വികസനഫണ്ട്) |
| ബിൽ നം.,തീയതി,തുക | 1)03/17-18 ; 09.01.18 ; 3,12,500/- |
| | 2)10/17-18 ; 20.02.18 ; 62,500/- |
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

100 കന്നുകുട്ടികൾക്ക് യൂണിറ്റ് കോസ്റ്റിൽ (25000 /-രൂപ) പഞ്ചായത്ത് വിഹിതം 6250/- രൂപ, സംസ്ഥാനവിഹിതം 6250/- രൂപ, ഗുണഭോക്തൃവിഹിതം 12,500 /-രൂപ എന്ന തോതിൽ എല്ലാ മാസവും ക്ഷീരസംഘം വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രൊജക്ട്. ടി പ്രൊജക്ട് പ്രകാരം ഒരു കന്നുകുട്ടിക്ക് 6250/- രൂപ എന്ന നിരക്കിൽ 60 കന്നുകുട്ടികൾക്ക് 3,75,000/- രൂപ പ്രൊജക്ട് ഓഫീസർ, ഐസിഡിപി, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ കന്നുകുട്ടി വെള്ളപൊക്കത്തിൽപെട്ട് ചത്തുപോയതായി വ്യക്തിഗതനാൾവഴിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

.

| ക്രമ നം. | പേര് | നാളിതുവരെ കൈപ്പറ്റിയ സബ്സിഡി | ഈടാക്കാൻ അവശേഷിച്ച തുക |
|---|---|---|---|
| 1 | ഫിലിപ്പ് പറമ്പത്തുശ്ശേരി | 4645 | 3927.5 |
| 2 | ജയശ്രീ മുകുന്ദൻ | 4506 | 3997 |
| 3 | ഷീന ധർമ്മരാജ് | 4506 | 3997 |
| 4 | രാധ ബാലൻ | 4645 | 3927.5 |
| 5 | രാജലക്ഷ്മി | 4506 | 3997 |

| | | | |
|---|---|---|---|
| 6 | ഷീല കലാധരൻ | 4645 | 3927.5 |
| 7 | സെലിനാ ജോസഫ് | 4506 | 3997 |
| 8 | സാലി ജോർജ് | 4645 | 3927.5 |
| 9 | വിൻസന്റ് കൈപ്രമ്പാടൻ | 4645 | 3927.5 |
| 10 | മേരി ചിരിയകണ്ടത്തിൽ | 4645 | 3927.5 |
| 11 | നദീറ മജീദ് | 4645 | 3927.5 |
| 12 | ഓമന കുമാരൻ(ഒഴിവാക്കി) | 5881 | 3309.5 |
| 13 | ഉഷ | 4506 | 3997 |
| 14 | രേഖ അശോകൻ | 4645 | 3927.5 |
| 15 | ശാന്ത അയ്യർ | 4087 | 4206.5 |
| 16 | ഷീബ.സി.വി | 4087 | 4206.5 |
| 17 | സദാനന്ദൻ എ.എസ് | 4087 | 4206.5 |
| **ആകെ അവശേഷിക്കുന്ന തുക** | | | **67334** |

മുകളിൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളിലായി കൈമാറിയിട്ടുള്ള 1,06,392/- രൂപ (39058 +67334 = 106392) ഈ മേഖലയിലെ മറ്റേതെങ്കിലും പ്രൊജക്ടിലേക്ക് വകയിരുത്തി പഞ്ചായത്തിന് പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 കുടിവെള്ളകണക്ഷൻ ഉള്ളവർക്കും സബ്സിഡി നല്കി

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 033/18, കുടിവെള്ള ഗാർഹിക കണക്ഷൻ നല്കൽ |
| അടങ്കൽ | 13,98,500/-(ധനകാര്യകമ്മീഷൻ അവാർഡ്),1500/-(തനത് ഫണ്ട്) [ആകെ 14,00,000/-] |
| ചെലവ് | 4,80,000/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ബിൽ നം.;തീയതി ;തുക | 1)2/17-18 ; 23.01.18 ; 1,00,000/- |
| | 2)7/17-18 ; 23.02.18 ; 40,000/- |
| | 3)9/17-18 ; 28.02.18 ; 45,000/- |
| | 4)11/17-18 ; 24.03.18 ; 1,00,000/- |
| | 5)17/17-18 ; 28.03.18 ; 1,95,000/- |
| നിർവഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടപ്പുറം |

2017-18 സാമ്പത്തികവർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നതും വീട്ടുകളിൽ കുടിവെള്ളകണക്ഷൻ ഇല്ലാത്തതുമായ ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ ലഭിക്കുവാൻ സബ്സിഡി നല്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഈ പ്രൊജക്ട് പ്രകാരം 96 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം നല്കുകയുണ്ടായി. പ്രൊജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) ബാബു.പി.ജി എന്ന ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നോർത്ത് പറവൂർ വാട്ടർ സപ്ലൈ സബ് ഡിവിഷൻ ഓഫീസിൽ 19.05.14 ൽ വാട്ടർകണക്ഷൻ ലഭിച്ചതിന് 550/- രൂപ ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്. അതായത് 3 വർഷം മുമ്പ് കുടിവെള്ള കണക്ഷൻ ലഭിച്ച ഈ വ്യക്തിയെ ഗുണഭോക്തൃലിസ്റ്റിൽ ക്രമ നം.78 ആയി ഉൾപ്പെടുത്തി പുതിയതായി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് ആനുകൂല്യം നല്കി. അതു പോലെ ആനുകൂല്യം ലഭിച്ച ഉഷ ലക്ഷ്മണൻ (ഗുണഭോക്തൃലിസ്റ്റിൽ ക്രമ നം.72 ആയ ടി.പി.ലക്ഷ്മണൻ, കാട്ടിപറമ്പിൽ എന്ന വ്യക്തിയുടെ ഭാര്യ) 07.04.16 ൽ കുടിവെള്ള കണക്ഷൻ ലഭിച്ചതിന് നോർത്ത് പറവൂർ വാട്ടർ സപ്ലൈ സബ് ഡിവിഷൻ ഓഫീസിൽ 550/- രൂപ ഒടുക്കിയതിന്റെ രസീതാണ് ഹാജരാക്കിയത്.

രണ്ടോ മൂന്നോ വർഷത്തിന് മുമ്പ് കണക്ഷൻ ലഭിച്ചവർ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസത്തിന് പഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല ,198807/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | വനിതകൾക്കായുള്ള പ്രത്യേക ആരോഗ്യ പദ്ധതി |
| പ്രൊജക്ട് നമ്പർ | 04/2018 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി. |
| അടങ്കൽ | 400000/- വികസന ഫണ്ട്. |
| ആകെ ചെലവ് (ചെലവ് രേഖ പ്രകാരം) | 198807/- രൂപ |

പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ചെലവുകളുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. കാൻക്യർ എന്ന സ്ഥാപനത്തിന് ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഡോക്ടർമാർ, സ്റ്റാഫ് നഴ്സമാർ, നെഴ്സിങ്ങ് അസിസ്റ്റന്റ്, ഡ്രൈവർ എന്നിവരുടെ ഓണറേറിയം, ആമ്പുലൻസിന്റെ ഇന്ധനചെലവ്, മെഡിക്കൽ പരിശോധനാ റിപ്പോർട്ട് എന്നിവയ്ക്കായി 7670/-രൂപയും, ( ബില്ല് നം.08/17-18 തീ. 17.02.2018); കാരുണ്യ കമ്യൂണിറ്റി ഫാർമസിയിൽ നിന്നും ഗ്ളൂകോമീറ്റർ, ടെസ്റ്റ് സ്ട്രിപ്പുകൾ, ലാൻസെറ്റുകൾ, സ്പിഗ്മോമാനോമീറ്റർ, ഡിജിറ്റൽ ബി പി അപ്പാരറ്റസ്, സ്റെറതസ്കോപ്പ്, എന്നിവ വാങ്ങിയതിന് ചെലവായ 50000/- രൂപയും(ബിൽ.നം.03/17-18 തീ.22.01.2018 ); പ്രിന്റ് ഹൗസ് എന്ന സ്ഥാപനത്തിനു നോട്ടീസ് പ്രിന്റ് ചെയ്തതിനു 2200/- രൂപയും (ബിൽ നം.04/17-18 തീ. 22.02.2018 ) നല്കിയിട്ടുണ്ട്.

<u>**ഓഡിറ്റ് പരാമർശങ്ങൾ.**</u>

1. ചെലവ് രേഖ പ്രകാരം ഈ പ്രോജക്ടിന്റെ ആകെ ചെലവ് 198807/- രൂപയാണ്. പരിശോധനയ്ക്ക് ലഭിച്ചത് മുകളിൽ പറഞ്ഞിരിക്കുന്ന 59870/-രൂപയുടെ വൗച്ചറുകൾ മാത്രമാണ്(7670+50000+2200 = 59870/-). 138937/-രൂപയുടെ വൗച്ചറുകളും ചെലവു രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

2. കാരുണ്യ കമ്യൂണിറ്റിഫാർമസിയിൽ നിന്നും 50000/-രൂപ ചെലവഴിച്ച് ഗ്ളൂകോമീറ്റർ, ടെസ്റ്റ് സ്ട്രിപ്പുകൾ, ലാൻസെറ്റുകൾ, സ്പിഗ്മോമാനോമീറ്റർ, ഡിജിറ്റൽ ബി പി അപ്പാരറ്റസ്, സ്റെറതസ്കോപ്പ്, എന്നിവ വാങ്ങിയതിന്റെ പർച്ചേസ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല.

3. KMSEC യിൽ നിന്നും മെഡിക്കൽ ക്യാമ്പിനുവേണ്ടി വാങ്ങിയ മരുന്നുകളുടെ ഇൻഡന്റ്, പർചേസ് ബില്ല്, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. ആമ്പുലൻസിന് ഇന്ധനം നിറച്ചതിന്റെ വൗച്ചർ പരിശോധനയ്ക്ക് ലഭിച്ചില്ല.

5. മെഡിക്കൽ ക്യാമ്പിൽ എത്രപേർ പങ്കെടുത്തു എന്ന കാണിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

6. മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 198807/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 തുല്യത പരീക്ഷ -2000രൂപ നിരാകരിക്കുന്നു,129500രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 044/2018 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പരീക്ഷയ്ക്ക് ഫീസടയ്ക്കൽ |
| അടങ്കൽ | 200000/-രൂപ വികസനഫണ്ട്. |
| ചെലവ് | ബിൽ നമ്പർ 5, 15/12/2017 - 86000/-<br>ബിൽ നമ്പർ 6, 15/12/2017 – 113100/-<br>------------------------------<br>ആകെ – 199100/- |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി. സ്കൂൾ |

ഈ പ്രോജക്ട് പ്രകാരം പത്താം ക്ലാസ്സ്, പ്ലസ് ടു തുല്യതാ പരീക്ഷകൾക്ക് ഫീസ് അടച്ചിട്ടുണ്ട്. പത്താം ക്ലാസ് തുല്യതാ പരീക്ഷയ്ക്ക് ഒരു വിദ്യാർഥിക്ക് 1750/- രൂപയും, പ്ലസ് ടു തുല്യതാ പരീക്ഷകൾക്ക് ഒരു വിദ്യാർത്ഥിക്ക് 1950/- രൂപ വീതവുമാണ് രജിസ്ട്രേഷൻ ഫീസായി അടക്കേണ്ടത്. ഫീസടച്ച വിദ്യാർത്ഥികൾക്ക് തുല്യത ആർജ്ജിക്കാൻ 3 അവസരങ്ങളാണുള്ളത്.

പത്താം തരം തുല്യതയ്ക്കായി 1750 രൂപ വീതം 48 വിദ്യാർത്ഥികൾക്ക്= 84000/രൂപയാണ് അടവാക്കേണ്ടത്. ബിൽ നമ്പർ 5 തീയതി. 15/12/2017 മുഖാന്തിരം 86000/- രൂപ പിൻവലിച്ചിട്ടുണ്ട്. തുല്യത പരീക്ഷയ്ക്ക് ഫീസടച്ച 48 വിദ്യാർത്ഥികളിൽ 20 പേർക്ക് മാത്രമായി പ്രോജക്ടിന്റെ ലക്ഷ്യത്തിൽ ഉൾപ്പെടാത്ത, അപേക്ഷാ ഫോറത്തിന്റെ വിലയായ 100/-രൂപ അടവാക്കിയത് (100 രൂപ X 20 = 2000/-രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

48 വിദ്യാർത്ഥികൾക്ക് 10-ാം തരം തുല്യത പരീക്ഷയ്ക്ക് ഫീസ് അടച്ചുവെങ്കിലും അറ്റന്റൻസ് സർട്ടിഫിക്കറ്റ് പ്രകാരം 13 വിദ്യാർത്ഥികൾ മാത്രമേ പരീക്ഷയ്ക്ക് ഹാജരായിട്ടുള്ളൂ. പരീക്ഷ എഴുതാത്ത 35 വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 61250/-രൂപ തടസ്സപ്പെടുത്തുന്നു. (1750 X 35 =61250/-), 58 വിദ്യാർത്ഥികൾക്ക് പ്ലസ് ടു തുല്യതാ പരീക്ഷയ്ക്ക് ഫീസ് അടച്ചുവെങ്കിലും ഇവരിൽ 23 വിദ്യാർത്ഥികൾ മാത്രമേ പരീക്ഷയ്ക്ക് ഹാജരായിട്ടുള്ളൂ. പരീക്ഷ ഏഴുതാത്ത 35 വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 68250/-രൂപയുടെ

ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടിനത്തിലുമായി ആകെ ചെലവഴിച്ച 129500/- രൂപ (68250+61250=129500) ടി വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഹാജരായ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 3-9 കംപ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

ഓഡിറ്റ് വർഷം പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിവിധ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ഒരു സാധാരണ സ്റ്റോക്ക് രജിസ്റ്ററിലാണ് ചേർത്തിരിക്കുന്നത്.

എന്നാൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും നിർദിഷ്ട മാതൃകയിലുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് സർക്കുലർ നം. 86/2010/ഫിൻ. തീ.24/09/2010 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ നിർദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ കംപ്യൂട്ടറുകളുടെ വാറന്റി/എ.എം.സി ഉടങ്ങിയ വിവരങ്ങളും ലഭ്യമല്ല. കൂടാതെ സോഫ്റ്റ്‌വേയറുകൾ സ്കാനറുകൾ, സെർവർ, പ്രിന്ററുകൾ, കോപ്പിയറുകൾ, പെൻഡ്രൈവ്, ഹാർഡ് ഡിസ്ക് ഡ്രൈവുകൾ, ആന്റി വൈറസ് സോഫ്റ്റ്‌വേയർ ഉൾപ്പടെയുള്ള സോഫ്റ്റ്‌വേയറുകൾ എന്നിവയും ഈ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 കാലാവധി കഴിഞ്ഞ് പ്രവൃത്തികൾ പൂർത്തിയാക്കിയത് -കോമ്പൻസേഷൻ തുക ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത കാലയളവിൽ തന്നെ പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ഒറിജിനൽ കാലാവധിക്കകം എൻജിനീയർ മുഖേന കരാറുകാരൻ അപേക്ഷ നൽകേണ്ടതാണ്. 2012 ലെ പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ സെക്ഷൻ 2116.1 അനുസരിച്ച് അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 5 പ്രവൃത്തികളിൽ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. കരാർ കാലാവധി കഴിഞ്ഞ് കരാറുകാരന് ഫൈനൽ ബിൽ തുക നല്കിയതിനൊപ്പം കരാർ കാലാവധി കഴിഞ്ഞതിനുള്ള കോമ്പൻസേഷൻ ഈടാക്കിയിട്ടുമില്ല.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 3 ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ കാലതാമസം വരാനുള്ള സാഹചര്യം വിശദീകരിച്ചത് പരിഗണിച്ച് 3 പ്രവൃത്തികൾക്ക് കോമ്പൻസേഷൻ ഈടാക്കേണ്ടതില്ല. ശേഷിക്കുന്ന 2 പ്രവൃത്തികൾക്ക് താഴെപ്പറയും പ്രകാരം കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്/ പ്രൊ.നം./ കരാറുകാരന്റെ പേര് | കരാർ തീയതി കരാർകാലാവധി / പൂർത്തീകരിക്കേണ്ട തീയതി | അവസാന ചെക്ക് മെഷർമെന്റ് തീയതി/ പൂർത്തികരിച്ച തീയതി | PAC | കാലതാമസം | കോമ്പൻസേഷൻ ഈടാക്കേണ്ടത് 0.1% of PAC/week | ഫൈനൽ ബിൽ തുക/ ട്രഷറി ബിൽ നം / തീയതി |
|---|---|---|---|---|---|---|---|
| 1 | അംബേദ്കർ എസ്.സി.കോളനി നവീകരണം S0170/17 കെ.എ സലാഹുദ്ദീൻ | 31.3.2017 3 മാസം (30.06.2017) | 12.3.2018 | 4,88,840 | 30.6.17 മുതൽ 12.3.18 വരെ 36 ആഴ്ച | 3.6 x 488840= 17598/- | 445431/- 121/17-18 27/03/2018 |
| 2 | അങ്കണവാടി മെയിന്റനൻസ് S0150/17 കെ.എ സലാഹുദ്ദീൻ | 14.7.2017 3 മാസം (13.10.2017) | 26.3.2018 | 4,08,227 | 13.10.17 മുതൽ 26.3.18 വരെ 23 ആഴ്ച | 2.3 x 408227= 9389/- | 2,64,498/- 136/ 17-18 31/03/2018 |
| | **ആകെ** | | | | | **26987/-** | |

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരിൽ നിന്ന് 26987/- രൂപ കോമ്പൻസേഷൻ തുക ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | 2016-17 ൽ ചെലവാക്കാൻ ബാക്കി നിൽക്കുന്ന തുക | 2017-18-ൽലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 76000 | ലൈഫ് മിഷൻ പദ്ധതി | 0 | 76000 |
| | | 3,60,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,60,000 | 0 |
| | | 5,00,000 | താന്താണിക്കുളം നവീകരണം | 0 | 5,00,000 |
| ആകെ | | 9,36,000 | | 3,60,000 | 5,76,000 |
| ബ്ലോക്ക് പഞ്ചായത്ത് | | 3,30,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 3,00,000 | പാലിയേറ്റീവ് കെയർ പരിപാടി | 3,00,000 | 0 |
| | | 5,00,000 | ലൈഫ് മിഷൻ പദ്ധതി (പൊതുവിഭാഗം) | 0 | 5,00,000 |
| | | 15,09,858 | ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി വിഭാഗം) | 0 | 15,09,858 |
| | | 3,00,000 | ലൈഫ് മിഷൻ പദ്ധതി (പട്ടികവർഗ്ഗ വിഭാഗം) | 2,23760 | 76,240 |
| | | 76,500 | നെൽക്കൃഷി വികസനം | 0 | 76,500 |
| | | 1,95,000 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ കണക്ഷൻ | 97,500 | 97,500 |
| | | 4,40,000 | ക്ഷീരകർഷകർക്ക് സബ്സിഡി | 4,40,000 | 0 |
| | | 4,50,000 | വാസയോഗ്യമല്ലാത്ത വീട്ടുകൾ വാസയോഗ്യമാക്കൽ | 4,50,000 | 0 |
| | 2,00,000 | 0 | ബയോഗ്യാസ് പ്ലാന്റ് | 2,00,000 | 0 |
| ആകെ | **2,00,000** | **41,01,358** | | **20,41,260** | **22,60,098** |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ സ്ഥാപനം | മുൻവർഷങ്ങളിൽ നല്കിയ തുക | 17-18-ൽ നിക്ഷേപിച്ചത് | ആകെ | ചെലവാക്കിയത് | 31.03.2018 -ൽ ബാക്കിനിൽക്കുന്ന തുക |
|---|---|---|---|---|---|---|
| വൈദ്യുത ലൈൻ എക്സ്റ്റെൻഷൻ | KSEB | 5154872 | 2794380 | 7949252 | 0 | 7949252 |
| കുടിവെള്ളപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 1038321 | 3210000 | 4248321 | 0 | 4248321 |

കെ.എസ്.ഇ.ബി.യിൽ 2017-18 വർഷം വിവിധ പ്രൊജക്ടുകളിലായി 27,94,380/- രൂപ വികസനഫണ്ടിൽ നിന്ന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ 2017-18 വാർഷികക്കണക്കിൽ B-18 ഷെഡ്യൂളിൽ 31.03.2018-ൽ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുകയായി ആകെ 69,73,412/- രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്. ഇതിൽ മുൻവർഷങ്ങളിൽ ചെലവഴിക്കാൻ ബാക്കി നില്ക്കുന്ന 51,54,872/- രൂപ കഴിച്ചാൽ 2017-18 വർഷത്തെ നിക്ഷേപം 18,18,540/- രൂപ മാത്രമാണ്. (RP-47 കാണുക.) 9,75,840/- രൂപ കുറവ് ആയിട്ടാണ് ബാലൻസ് ഷീറ്റിന്റെ ആസ്തിയിൽ കാണുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് -

**ഇല്ല**

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

**ഇല്ല**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി -

**ഇല്ല**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

**ഇല്ല**

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,60,77,306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,39,08,049 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,987 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,28,307 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-8 | - | 2000 | വിജയലക്ഷ്മി,<br>ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി സ്കൂൾ<br>തിരുവാലൂർ |
| 3-10 | - | 26987 | സൗമ്യ ജി.<br>അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | | **28987** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 198807 | ഡോ.രേണുക പി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആലങ്ങാട് |
| 3-8 | 129500 | വിജയലക്ഷ്മി<br>ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി സ്കൂൾ<br>തിരുവാലൂർ |
| | **328307** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൗമ്യ ജി. അസിസ്റ്റന്റ് എൻജിനീയർ | സൗമ്യ ജി. അസിസ്റ്റന്റ് എൻജിനീയർ മണീട് ഗ്രാമപഞ്ചായത്ത് | പൂവക്കാട് വടക്കേതിൽ ഈരേഴ നോർത്ത് ചെട്ടികുളങ്ങര, ആലപ്പുഴ- |
| ഡോ. രേണുക പി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലങ്ങാട് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലങ്ങാട് | ശ്രീ വിഹാർ പോണേവഴി AIMS P.O., കൊച്ചി – 41 |
| വിജയലക്ഷ്മി ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി സ്കൂൾ തിരുവാലൂർ | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി സ്കൂൾ തിരുവാലൂർ | തോപ്പിൽ വീട് പാനായിക്കുളം പാനായിക്കുളം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി08/07/2000 |
| 1998-99 | എൽ.എഫ്.ഇ.(പി6)1941/08 തീയതി29/01/2010 |
| 1999-00 | എൽ.എഫ്.ഇ.(പി8)/1070/01 തീയതി20/05/2002 |
| 2000-01 | എൽ.എഫ്.ഇ.(പി5)970/02 തീയതി23/12/2002 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി6)1414/03 തീയതി24/07/2003 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി29/01/2010 |
| 2002-03 | എൽ.എഫ്.ഇ.(പി6)/1939/08 തീയതി29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി30/03/2010 |
| 2005-06 | എൽ.എഫ്.ഇ.(പി5)/1591/09 തീയതി30/03/2010 |
| 2006-07 | എൽ.എഫ്.ഇ.(പി5)1592/09 തീയതി30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി05/02/2015 |
| 2013-14 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| | |

| | |
|---|---|
| 2014-15 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി13)1654/2017 തീയതി 26.10.2017 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.13)154/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:11/03/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) [2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ **ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ജനറൽ പർപ്പസ് ഗ്രാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 10951713/- രൂപയാണ്. എന്നാൽ ACR പ്രകാരമുള്ള വരവ് 135764093/- രൂപയുമാണ്. ജനറൽ പർപ്പസ് ഗ്രാന്റ് – 10, 11, 12 ഗഡുക്കൾ ട്രഷറിയിൽ ബിൽ സമർപ്പിച്ച് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല.
4. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ ബി-9 ഷെഡ്യൂളിലെ 'Liability in respect of stale cheques' എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ്**